## ജി.എം.ഐയുടെ മദ്ധ്യേന്ത്യയിലെ പ്രവർത്തന കേന്ദ്രമായ ശാന്തി ആശ്രമം ഉദ്ഘാടനം ചെയ്യപ്പെട്ടു

ഭാരതസുവിശേഷീകരണത്തിനായി ജി.എം.ഐ തിരഞ്ഞെടുത്ത ഇന്ത്യയുടെ മദ്ധ്യപട്ടണമായ നാഗ്പൂരിൽ ശാന്തി ആശ്രമം എന്ന പേരിൽ ജി.എം.ഐയുടെ മിഷൻ സ്റ്റേഷൻ ഉദ്ഘാടനം ചെയ്യപ്പെട്ടു. ജി.എം.ഐയുടെ ഏറിയകാലത്തെ പ്രാർത്ഥനയും അഭിലാഷവുമാണ് സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നത്. 2012 ഒക്ടോബർ 25 വ്യാഴാഴ്ച വൈകുന്നേരം 5.30 മണിയ്ക്ക് ഉത്തരേന്ത്യൻ സഭയുടെ (സി.എൻ.ഐ) നാഗപ്പൂർ മഹായിടവക ബിഷപ്പ് റൈറ്റ്. റവ. പോൾ ദുപാരെ ഉദ്ഘാടന ശുശ്രൂഷ നിർവഹിച്ചു. നാഷണൽ ചർച്ച് കൗൺസിൽ ഒഫ് ഇന്ത്യയുടെ ജനറൽ സെക്രട്ടറി റവ. ഡോ. റോജർ ഗായിക്വാഡെ ആശ്രമത്തെ ദൈവനാമമഹത്വത്തിനായി സമർപ്പിച്ച് അനുഗ്രഹസന്ദേശം നൽകി.

വടക്കേന്ത്യൻ സഭയുടെ ഫുൾവാനി മഹായിടവകയുടെ മുൻ ബിഷപ്പ് ബി.എൻ. നായക്, മഹാരാഷ്ട്ര വില്ലേജ് മിനിസ്ട്രിയുടെ ജനറൽ സെക്രട്ടറി റവ. കുലോത്തുംഗൻ, ലീഡ്സ് ഔട്ട്റിച്ച് ഡയറക്ടർ റവ. സുഗ്യാൻ ബൻസോഡെ, ഇൻഡോറിലെ പ്രസ്ബിറ്റീരിയൻ സഭയുടെ ശുശ്രൂഷകൻ റവ. ഒളിവർ ആൽഫ്രഡ്, ഭിലായിലെ ചർച്ച് ഓഫ് ഗോഡ് ശുശ്രൂഷകൻ റവ. ഷാൽമോൻ, ശിവനി പ്രസ്ബിറ്റീരിയൻ ഫ്രീ ചർച്ചിലെ പാസ്റ്റർ റവ. മിശ്രാം എന്നിവർ അനുമോദനങ്ങൾ അർപ്പിച്ചു. മഹാരാഷ്ട്രയിലെ പ്രസിദ്ധ ക്രൈസ്തവ ഭജൻ സംഗീതജ്ഞനും സത്സംഗ് ഗായകനുമായ ശ്രീ. സാംസൺ മാൽവാട്കർ അനുഗ്രഹീത ദേശീയ ക്രൈസ്തവ ഗാനങ്ങൾ ആലപിച്ചു. ശാന്തി ആശ്രമം സ്ഥിതി ചെയ്യുന്ന ദഹേഗാവ് ഗ്രാമത്തിന്റെ തലവനും, പഞ്ചായത്ത് പ്രസിഡന്റും, പോലീസ് പട്ടേലും യോഗത്തിൽ പങ്കെടുത്ത് അവരുടെ സഹകരണം ഉറപ്പാക്കി. ഡോ. ഡി. ജെ. അജിത്കുമാർ വിശിഷ്ടാതിഥികൾക്ക് സ്വാഗതം പറഞ്ഞു. കേരളത്തിൽ നിന്ന് ജി.എം.ഐയുടെ പ്രതിനിധികളായും അഭ്യുദയകാംക്ഷികളായും മുപ്പത്തിരണ്ടുപേർ പങ്കെടുത്തിരുന്നു. അനുഗ്രഹിക്കപ്പെട്ട തികഞ്ഞ ദൈവസാന്നിദ്ധ്യത്തിൽ നടത്തപ്പെട്ട ഈ ശുശ്രൂഷ ജി.എം.ഐയുടെ ചരിത്രത്തിൽ മറക്കാനാവാത്ത ഒരു നിമിഷമായി തീർന്നു.

1998ലാണ് നാഗ്പൂർ റയിൽവേസ്റ്റേഷനിൽ നിന്ന് 18 കിലോമീറ്റർ ദൂരമുള്ള ഈ സ്ഥലം ജി.എം.ഐ സ്വന്തമായി വാങ്ങിയത്. മൂന്ന് ഏക്കർ ഇരുപത് സെന്റുള്ള ഈസ്ഥലം നാഗ്പൂർ കാട്ടോൾ ഹൈവേയുടെ വശത്താണ്. ദഹേഗാവ് എന്നാണ് ഈ ഗ്രാമത്തിന്റെ പേര്. ജി.എം.ഐ വാങ്ങുമ്പോൾ യാതൊരു വികസനങ്ങളും ഇല്ലാത്തതായിരുന്നു ഈ സ്ഥലം. ഇന്ന് ഈ ആശ്രമത്തിന്റെ തൊട്ടുമുമ്പിൽ തന്നെ ഗുരുനാനാക്ക് എഞ്ചിനീയറിംഗ് കോളേജ് ഉയർന്ന് നിൽക്കുന്നതായി കാണാം. സെന്റ് ജോസഫ് മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, നാഗ്പൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി തുടങ്ങിയ അനേക സ്ഥാപനങ്ങൾ ഈ പ്രദേശത്ത് ക്രമേണ വരുവാനിടയായി.

2002 ൽ അന്നത്തെ എൻ.സി.സി.ഐ ജനറൽ സെക്രട്ടറി റവ. ഡോ. ഐപ്പ് ജോസഫിന്റെ പ്രാർത്ഥനയോടെ തറക്കല്ലിട്ട് ഇവിടത്തെ പണി തുടങ്ങുവാൻ ഇടയായി. എന്നാൽ തുടർന്നുണ്ടായ സാമ്പത്തിക പ്രതിസന്ധി കാരണം കഴിഞ്ഞ പത്തുവർഷമായി ഇവിടെ പ്രതീക്ഷിച്ച പണികൾ ചെയ്യുവാൻ കഴിഞ്ഞില്ല. ദൈവത്തിന്റെ കൃപയാൽ 2011 നവംബറിൽ വിശ്വാസത്താൽ പ്രാർത്ഥനയോടെ പണികൾ പുനരാരംഭിച്ചു. ചോദിക്കുന്നതിലും നിനക്കുന്നതിലും അത്യന്തംപരമായി ചെയ്യുവാൻ നമ്മിൽ കൂടിവ്യാപരിക്കുന്ന ദൈവത്തിന്റെ അദൃശ്യശക്തിയാൽ ഇത്രത്തോളം പണികൾ തീർക്കുവാൻ ദൈവം സഹായിച്ചു.

മൊബൈൽ ടെന്റ് മിനിസ്ട്രിയുടെ ടീം അംഗങ്ങൾക്ക് താമസിക്കുവാൻ ഡോർമെറ്ററി, ഗ്രാമവാസികളായ സ്ത്രീകൾക്കുവേണ്ടി ആരംഭിച്ച സൗജന്യ ടെയിലറിംഗ് സ്കൂൾ, ഗ്രാമീണരായ കുട്ടികൾക്കുവേണ്ടിയുള്ള സൗജന്യട്യൂഷൻ സെന്റർ, ഒരു ചെറിയ ഓഫീസ്, മൊബൈൽ ടെന്റ് മിനിസ്ട്രിയുടെ വാഹനങ്ങളും സാധനങ്ങളും സൂക്ഷിക്കുവാനുള്ള കെട്ടിടങ്ങൾ, സഭാരാധനയ്ക്കായുള്ള ഹാൾ, പൊതുവായ അടുക്കളയും ഡയനിംഗ് ഹാളും, മിഷണറിമാർക്കും മറ്റും താമസിക്കുവാനുള്ള കെട്ടിടങ്ങൾ ഇത്രയുമാണ് ഇവിടെ പണിതിരിക്കുന്നത്. വളരെയധികം പ്രവർത്തനസാധ്യതയുള്ള ഒരു ഭാവിയാണ് നാം ദർശനം കാണുന്നത്. ഇന്ത്യയുടെ പല ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന മിഷണറിമാരുടെ കുഞ്ഞുങ്ങൾക്ക് താമസിച്ച് പഠിക്കുവാനുള്ള

ഹോസ്റ്റൽ സൗകര്യങ്ങൾ ഇവിടെയുണ്ട്. ഗ്രാമങ്ങളിൽ മിഷണറി പ്രവർത്തനങ്ങളിലൂടെ ക്രിസ്തീയ വിശ്വാസത്തിലേയ്ക്ക് വരുന്ന പുതിയ ആൾക്കാർക്ക് ഹ്രസ്വകാല ബൈബിൾ പരിശീലനം നൽകുവാനുള്ള ഒരു പദ്ധതിയും 2013 -ൽ ഇവിടെ ആരംഭിക്കണമെന്ന് ആഗ്രഹിക്കുന്നു.

ഉദ്ഘാടനത്തോടനുബന്ധിച്ച് ജി.എം.ഐ ജനറൽ സെക്രട്ടറി ഡോ. ഇ. സ്റ്റീഫൻ, ഡോ. ഡി. സെൽവദാസ് എന്നിവരുടെ നേതൃത്വത്തിൽ ഇവിടെ മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചു. ഗ്രാമങ്ങളിൽ നിന്ന് അനേകർ മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുത്തു. കേരളത്തിൽ നിന്ന് വന്നവർ മദ്ധ്യപ്രദേശിലെ ഛപ്പാറ മിഷൻ സ്റ്റേഷൻ സന്ദർശിക്കുവാൻ ഇടയായി. ഖണ്ഡരിയാ എന്ന ഗ്രാമത്തിൽ നടന്ന മെഡിക്കൽ ക്യാമ്പും വളരെ ആശീർവാദമായി. ദൈവം അനുവദിച്ചാൽ 2013-ൽ മദ്ധ്യപ്രദേശിലെ ഛപ്പാറയിൽ ജി.എം.ഐയുടെ അടുത്ത ആശ്രമം പണിയുവാൻ പ്രാർത്ഥിക്കുന്നു. അവിടത്തെ രീതിയനുസരിച്ച് ഭൂമി കുഴിച്ചുകൊണ്ട് അവിടത്തെ ആശ്രമത്തിന്റെ പ്രവർത്തനങ്ങൾക്കും ആരംഭം കുറിച്ചു. ഒക്ടോബർ 28-ന് ഈ ശുശ്രൂഷ നിർവഹിക്കുവാൻ ഇടയായി.

നാഗ്പൂരിലെ പ്രവർത്തനങ്ങളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിച്ചവരും കൈത്താങ്ങൽ നൽകിയവരും അനേകരാണ്. ചെറുതും വലുതുമായ സംഭാവനകൾ നൽകി ഈ വേലയെ പ്രോത്സാഹിപ്പിച്ചവരെ ദൈവം മാനിക്കുകയും അനുഗ്രഹിക്കുകയും ചെയ്യും. 'ജീവജലം ഭാരതീയ പാത്രത്തിൽ നൽകുക' എന്ന രീതിയാണ് ആശ്രമശുശ്രൂഷകളിലൂടെ അവലംബിച്ചിരിക്കുന്നത്. യഹൂദരെ നേടേണ്ടതിന് യഹൂദനായും, യവനരെ നേടേണ്ടതിന് യവനനായും, ന്യായപ്രമാണമുള്ളവനെ നേടേണ്ടതിന് ന്യായപ്രമാണമുള്ളവനായും, ന്യായപ്രമാണമില്ലാത്തവനെ നേടേണ്ടതിന് ന്യായപ്രമാണമില്ലാത്തവനായും, ബലഹീനരെ നേടേണ്ടതിന് ബലഹീനനായും തീർന്ന അപ്പൊസ്തലനായ പൗലൊസിന്റെ ദർശനം പോലെ എല്ലാവരെയും ഏതുവിധേനയും ക്രിസ്തുവിനുവേണ്ടി നേടുവാൻ ശ്രമിക്കുന്ന ക്രൈസ്തവ ആശ്രമ ശുശ്രൂഷകളെ കൈത്താങ്ങൽ തരുവാനും പ്രോത്സാഹിപ്പിക്കുവാനും ഭാരതത്തിലെ ക്രൈസ്തവർ തുനിഞ്ഞാൽ ഒരു വലിയ ആത്മാദായ ശുശ്രൂഷ ഭാരതത്തിൽ നടക്കും.

"ആശ്രമശുശ്രൂഷകൾ ഭാരതീയ പ്രേക്ഷിതദൗത്യത്തിൽ വളരെ പ്രാധാന്യമർഹിക്കുന്നു. ഭാരതീയ ദൈവശാസ്ത്രത്തിൽ ഇതിന് വലിയ സ്ഥാനമുണ്ട്. ലോകത്തിന് വെളിച്ചം നൽകാനും ഭൂമിയ്ക്ക് ഉപ്പായിരിക്കുവാനും ആശ്രമശുശ്രൂഷകൾക്ക് സാധിക്കും. ശാന്തി ആശ്രമത്തിന് ഒമ്പത് യോഗ്യതകളുണ്ടാവണമെന്ന് ഞാൻ ആശംസിക്കുന്നു". പ്രസിദ്ധ ദൈവശാസ്ത്രജ്ഞനും എൻ.സി.സി.ഐ ജനറൽ സെക്രട്ടറിയുമായ റവ. ഡോ. റോജർ ഗായിക്വാഡെ ആശംസിച്ചു. ശാന്തി ആശ്രമത്തെ ദൈവനാമമഹത്വത്തിനായി സമർപ്പിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പരമാത്മാശ്രമം, ധ്യാനാശ്രമം, ജ്ഞാനാശ്രമം, കർമ്മാശ്രമം, കലാശ്രമം, സേവാശ്രമം, സത്സംഗാശ്രമം, ആനന്ദാശ്രമം, സിദ്ധാശ്രമം എന്നീ പ്രത്യേകതകളാണ് ഈ ആശ്രമത്തിന് അദ്ദേഹം നൽകിയത്.

ഇപ്രകാരമുള്ള ക്രിസ്തീയ ആശ്രമങ്ങൾ ഭാരതത്തിന്റെ ഓരോ സംസ്ഥാനങ്ങളിലും ഉണ്ടാകണമെന്നും ജി.എം.ഐ ആഗ്രഹിക്കുന്നു. ആന്ധ്രാപ്രദേശിലെ വാറംഗൽ ജില്ലയിൽ തെഗുലഗൂഡം എന്ന സ്ഥലത്തുള്ള ജി.എം.ഐ മിഷൻസ്റ്റേഷനെക്കുറിച്ചും ഇതാണ് ജി.എം.ഐയുടെ ദർശനം. 1912-ൽ ഭാരതത്തിൽ വിഭാവന ചെയ്ത ക്രിസ്തീയ ആശ്രമങ്ങൾ 1945 ആയപ്പോഴേക്കും അസ്തമിച്ചു തുടങ്ങി. ഇതിനുള്ള കാരണങ്ങൾ പലതാണ്. എന്നാൽ ഇതിനൊരു നവോത്ഥാനം നൽകികൊണ്ടാണ് ക്രിസ്തീയ ആശ്രമശുശ്രൂഷകൾക്ക് ജി.എം.ഐ തുടക്കം കുറിച്ചത്. 1993-ൽ തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കടയിലാണ് ആദ്യമായി കൃപാശ്രമം എന്ന പേരിൽ ജി.എം.ഐ ആശ്രമശുശ്രൂഷകൾ ആരംഭിച്ചത്.

ഈ പ്രവർത്തനത്തിന്റെ സാക്ഷാത്ക്കാരത്തിനായി അദ്ധ്വാനിക്കുകയും പ്രാർത്ഥിക്കുകയും പ്രത്യേകിച്ച് ചിലവിടുകയും ചെയ്ത എല്ലാവർക്കും കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ നന്ദിയും കടപ്പാടും അറിയിക്കുന്നു. ദൈവം നിങ്ങളെ സമൃദ്ധിയായി അനുഗ്രഹിക്കട്ടെ.

കർത്തൃശുശ്രൂഷയിൽ

തിരുവനന്തപുരം

5.11.2012

ഡി.ജെ. അജിത്കുമാർ



ഉദ്ഘാടനം : ബിഷപ്പ് പോൾ ദുപാരെ



സമർപ്പണം: ഡോ. റോജർ ഗായിക്വാഡേ



അദ്ധ്യക്ഷൻ : ബിഷപ്പ് ബി.എൻ. നായക്



അനുമോദനം: റവ. കുലോത്തുംഗൻ



അനുമോദനം : ശ്രീ. സുഗ്യാൻ ബെൻസോഡ്



സത്സംഗ് : ശ്രീ. സാംസൺ മൽവാഡ്കർ




ശാന്തി ആശ്രമം : പ്രധാനകവാടം



സെക്യൂരിറ്റി & ഇൻഫർമേഷൻ



ക്യാമ്പസിനുള്ളിൽ നിന്ന് റോഡിലേയ്ക്ക്



നാരായൺ വാമൻ തിലക് ബ്ലോക്ക്





ഭാരതീയ മാതൃകയിൽ ചർച്ച് ഹാൾ : ശാന്തി ആശ്രമത്തിന്റെ പ്രധാന ആകർഷണം



പണ്ഡിത രമാഭായി ബ്ലോക്ക്



പൊതുവായ കിച്ചൺ & ഡയനിംഗ്



സൗജന്യ ട്യൂഷന് വരുന്ന

ഗ്രാമീണ വിദ്യാർത്ഥികൾ




ശിലാഫലകങ്ങൾ 2002ലും ഇപ്പോഴുള്ളതും



വിശിഷ്ടാതിഥികൾ ആനയിക്കപ്പെടുന്നു



സ്വാഗതം : ഡോ. ഡി.ജെ. അജിത്കുമാർ



ഉദ്ഘാടനത്തിന് വന്നുകൂടിയവർ



സിസ്റ്റർ ജോയിസ് വിശ്വാസ്



സമർപ്പണ പ്രാർത്ഥന : ഡോ. റോജർ



റവ. ഒളിവർ ആൽഫ്രഡ്



ഷാൾ അണിയിക്കുന്നു : ഡോ. ഇ. സ്റ്റീഫൻ ബിഷപ്പ് നായക്കിനെ



അഡ്വ. സാനുദാസ് ബിഷപ്പ് പോൾ ദുപാരെയെ



ബ്രദർ. ആൽബർട്ട് ഡോ. റോജറിനെ



ശ്രീ. ഷാജികുമാർ റവ. കുലോത്തുംഗന്



ഷാൾ അണിയിക്കുന്നു: ബ്രദർ. ആൽബർട്ട് ഗ്രാമത്തലവന്



ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീ. രാജേഷ് കേൾക്കർ



ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്



മെഡിക്കൽ ക്യാമ്പ്



മെഡിക്കൽ ക്യാമ്പ്




സമാധാനത്തോടെ പോവുക